www.snbssamajam.in Phone : 2820666

# S.N.B.S. SAMAJAM

## Irinjalakuda

## Reg.No.5/1103

### ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

ഇരിങ്ങാലക്കുട



...................2024................

## 96-ാം വാർഷിക
## പൊതുയോഗം നോട്ടീസ്

# ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജം (രജി.) ഇരിങ്ങാലക്കുട

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജത്തിന്റെ 2024-26 വർഷങ്ങളിലെ ഭരണകമ്മിറ്റിയിലേക്കുള്ള പതിനഞ്ചംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2024 ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച സമാജം നിയമാവലി 9-ാം വകുപ്പ് പ്രകാരമുള്ള തിരിഞ്ഞെടുപ്പ് ചട്ടങ്ങളനുസരിച്ച് നടത്തുന്നതാണ്.

തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ള അംഗങ്ങളുടെ കരട് വോട്ടർ പട്ടിക സമാജം നോട്ടീസ് ബോർഡിൽ 2024 ജൂൺ3 -ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് പ്രസിദ്ധീകരിക്കുന്നതും ആയതിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ജൂൺ 10-ാം തിയ്യതി തിങ്കളാഴ്ച പകൽ 12 മണിക്ക് മുമ്പായി സമാജം ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പരാതികൾ പരിശോധിച്ച ശേഷം മെമ്പർമാരുടെ അവസാന വോട്ടർപട്ടിക 2024 ജൂൺ 12-ാം തിയ്യതി ബുധനാഴ്ച രാവിലെ 10 മണിക്ക് സമാജം ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ആകെ പതിനഞ്ചംഗങ്ങളെ തിരഞ്ഞെടുക്കാനുള്ളതുകൊണ്ട് ഓരോ വോട്ടർക്കും പതിനഞ്ച് വോട്ടുകൾ രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(A) ജനറൽ 11, (B) (പ്രാദേശികം 4

സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷയിന്മേൽ നാമ നിർദ്ദേശപത്രികകൾ 2024 ജൂൺ 13-ാം തിയ്യതി വ്യാഴാഴ്ച മുതൽ ജൂൺ 15-ാം തിയ്യതി ശനിയാഴ്ച രാവിലെ 11 മണി വരെ നൽകുന്നതാണ്.

തിരഞ്ഞെടുക്കുന്ന മെമ്പർമാരിൽ ടൗൺ പടിഞ്ഞാട്ടുമുറി, പുല്ലൂർ, കോമ്പാറ, തുറവൻകാട് എന്നീ പ്രദേശത്തുകാരായി ഒരാൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. നാമ നിർദ്ദേശപത്രികകൾ (A) ജനറലിലേക്കാണോ (B) ഒരു പ്രത്യേക പ്രദേശത്തേക്കാണോ എന്ന് ചേർക്കേണ്ടതാണ്.

ഒരു സ്ഥാനാർത്ഥിക്ക് ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ പാടുള്ളതല്ല. നാമനിർദ്ദേശ പത്രികയിൽ പ്രസിദ്ധീകരിച്ച അംഗലിസ്റ്റിലെ ഒരാൾ നിർദ്ദേശകൻ എന്ന നിലയിലും മറ്റൊരാൾ പിന്താങ്ങുന്ന ആൾ എന്ന നിലയിലും ഒപ്പിട്ടിരിക്കേണ്ടതാണ്. കൂടാതെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കാൻ തയ്യാറാണെന്ന പ്രഖ്യാപനത്തിൽ സ്ഥാനാർത്ഥിയും ഒപ്പിട്ടിരിക്കണം.

2024 ജൂൺ 16-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ സമാജം ആഫീസിൽ വെച്ച് റിട്ടേണിംഗ് ഓഫീസർ നാമ നിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതാണ്.

2024 ജൂൺ 18-ാം തിയ്യതി ചൊവ്വാഴ്ച 3 മണിക്ക് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന നടത്തി സ്വീകരിച്ചവരുടെ അവസാന ലിസ്റ്റ് പരസ്യപ്പെടുത്തുന്നതായിരിക്കും. 2024 ജൂൺ 21-ാം തിയ്യതി വെള്ളിയാഴ്ച 3 മണി വരെ സ്ഥാനാർത്ഥികൾക്ക് തങ്ങളുടെ നാമനിർദ്ദേശപത്രികകൾ പിൻവലിക്കാവുന്നതാണ്.

ഏതെങ്കിലും സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് ആവശ്യമില്ലാതെ വരികയാണെങ്കിൽ അന്നു തന്നെ ഇക്കാര്യം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മത്സരമുണ്ടാകുന്നപക്ഷം 2024 ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മണി മുതൽ 1 മണി വരെ സമാജം മിനിഹാളിൽ വെച്ച് രഹസ്യ ബാലറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതും അന്നുതന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതുമാണ്. കൂടുതൽ വിവരങ്ങൾ റിട്ടേണിംഗ് ഓഫീസറിൽ നിന്ന് നേരിട്ട് അറിയാവുന്നതാണ്.

**മെമ്പർമാർ വോട്ട് രേഖപ്പെടുത്തുവാൻ വരുമ്പോൾ സമാജം തിരിച്ചറിയൽ കാർഡോ ഇലക്ഷൻ കമ്മീഷൻ അംഗീകരിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡോ കൊണ്ടുവരേണ്ടതാണ്.**

(ഒപ്പ്)

ഇരിങ്ങാലക്കുട
03-05-2024

അഡ്വ.എ.എം.പ്രകാശൻ
ഇരിങ്ങാലക്കുട
റിട്ടേണിംഗ് ഓഫീസർ

# എസ്.എൻ.ബി.എസ്. സമാജം (രജി.) ഇരിങ്ങാലക്കുട
## (ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)
# 96 -ാം വാർഷിക പൊതുയോഗം നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്.എൻ.ബി.എസ്. സമാജത്തിന്റെ 96-ാം വാർഷിക പൊതുയോഗം **2024 ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ ഹാളിൽ വെച്ച്** പ്രസിഡണ്ട് **ശ്രീ. കിഷോർകുമാർ നടുവളപ്പിൽ** അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടികളനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട (ഒപ്പ്)

07-06-2024 **വേണു തോട്ടുങ്ങൽ**

(സെക്രട്ടറി)

**ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| 1. | **ശ്രീ. കിഷോർകുമാർ നടുവളപ്പിൽ** | പ്രസിഡണ്ട് |
| 2. | **ശ്രീ. ഷിജിൻ തവരങ്ങാട്ടിൽ** | വൈസ് പ്രസിഡണ്ട് |
| 3. | **ശ്രീ. വേണു തോട്ടുങ്ങൽ** | സെക്രട്ടറി |
| 4. | **ശ്രീ. രജിത്ത് രാജൻ** | ജോ. സെക്രട്ടറി |
| 5. | **ശ്രീ. ദിനേഷ്കുമാർ എളന്തോളി** | ട്രഷറർ |
| 6. | **ശ്രീ. രാമാനന്ദൻ ചെറാക്കുളം** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. സോമസുന്ദരൻ കൊളത്തുപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. കുമാരൻ പൊതുമ്പുചിറക്കൽ** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. ബോസ് തണ്ടാശ്ശേരി** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. രാജേഷ് കോട്ടപ്പുറം** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. ജിനേഷ് തൃത്താണി** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. പവനൻ എലിഞ്ഞിക്കോടൻ** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. പ്രസൂൺ പ്രവി ചെറാക്കുളം** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. വാസൻ കരിപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. അനീഷ് മുക്കുളം** | കമ്മിറ്റി മെമ്പർ |

**ഇന്റേണൽ ഓഡിറ്റേഴ്സ്**

**ശ്രീ. കെ.കെ. ചന്ദ്രൻ & വിജു കൊറ്റിക്കൽ**

**ലീഗൽ അഡ്വൈസർ**

**അഡ്വ. എൻ.കെ. പ്രമോദ്**

**ഓഡിറ്റർ**

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട**

# 2024 ജൂലൈ മാസം 07-ാം തിയ്യതിയിലെ വാർഷിക പൊതുയോഗത്തിന്റെ

# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2023 ജൂലായ് 30-ാം തിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക.
8. 2023-24 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക.
9. 2024-25 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസ്സാക്കുക.
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2024-2025 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക.
12. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
13. ഉപസംഹാരം
14. കൃതജ്ഞത

NB :

1. ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ 2 പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്.
2. പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 30-06-2024 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാകുന്നു.
3. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽ നൽകാവുന്നതാണ്.
4. തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്.

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (രജി.)

# 2023-24 വർഷത്തെ
# പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

സമാജത്തിന്റെ 2023-24 കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തറിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ആദരപൂർവ്വം സമർപ്പിക്കട്ടെ.

സമാജത്തിന്റെ 96-ാമത് വാർഷികപൊതുയോഗം 2023 ജൂലായ് 30-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് സമാജം പ്രസിഡണ്ട് ശ്രീ കിഷോർകുമാർ നടുവളപ്പിൽ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമാജം മേൽശാന്തി മണി ശാന്തിയുടെ ഗുരുദേവ പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. റിപ്പോർട്ട് കാലയളവിൽ അന്തരിച്ച മാന്യ മെമ്പർമാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് സമാജം സെക്രട്ടറി ശ്രീ.വേണു തോട്ടുങ്ങൽ യോഗത്തിൽ ഹാജരായ മുഴുവൻ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി മുൻ വർഷത്തെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കി. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സെക്രട്ടറി കഴിഞ്ഞ വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

എല്ലാ അംഗങ്ങളുടെയും കൂട്ടായ്മയുടേയും സഹകരണത്തോടും കൂടിയാണ് വാർഷികപൊതുയോഗം നടന്നത്. പൊതുയോഗത്തിൽ 2023-2024 വർഷത്തെ ഇന്റേണൽ ഓഡിറ്റർമാരായി ശ്രീ.കെ.കെ.ചന്ദ്രൻ വിജു കൊറ്റിക്കൽ എന്നിവരെയും M/s.ഉണ്ണികൃഷ്ണൻ & കമ്പനി ചാർട്ടേഡ് അക്കൗണ്ടൻസ് ഇരിങ്ങാലക്കുടഓഡിറ്ററായും ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

**കുറികൾ**

സമാജം നടത്തിവരുന്ന കുറികൾ എല്ലാം വട്ടമെത്തി അവസാനിച്ചു.

**അംഗങ്ങൾ**

ഈ റിപ്പോർട്ട് വർഷം പുതിയ മെമ്പർമാരായി 150 പേരെ ചേർക്കുകയുണ്ടായി. ഇപ്പോൾ മൊത്തം 2736 മെമ്പർമാരാണ് നിലവിലുള്ളത്. മരിച്ചവരുടെ ലിസ്റ്റ് കുറയ്ക്കേണ്ടതുണ്ട്.

**ക്ഷേത്രഭരണം**

ക്ഷേത്രത്തിൽ പൂജാദികർമ്മങ്ങളും മറ്റും മേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി തന്നെ നടന്നുവരുന്നുണ്ട്. ഭക്തജനങ്ങളുടെ സാന്നിദ്ധ്യം മുൻവർഷങ്ങളേക്കാൾ വളരെയധികം വർദ്ധിച്ച് വന്നിട്ടുണ്ടെന്ന് അംഗങ്ങളെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. കർക്കിടകമാസത്തിലെ ആനയൂട്ടിലും അഷ്ടദ്രവ്യമഹാഗണപതിഹോമത്തിലും, ഭഗവതിസേവയിലും, ഔഷധക്കഞ്ഞിവിതരണത്തിലും ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യം ഏറെ ചാരിതാർത്ഥ്യം ഉളവാക്കുന്നു.കർക്കിടകമാസത്തിലെ വാവുബലി, തുലാമാസത്തിലെ വാവുബലി, സ്കന്ദഷഷ്ഠി, കന്നിമാസത്തിലെ നവരാത്രി മഹോത്സവം, മണ്ഡലപൂജ മഹോത്സവം, ദേശവിളക്ക്, ദീപാവലി, തൃക്കാർത്തിക തുടങ്ങിയ വിശേഷാൽചടങ്ങുകൾ, ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യത്തോടെ ഭംഗിയായി നടത്തുവാൻ സാധിച്ചു. 2023 നവംബർ 22 (വൃശ്ചികം) ദേശവിളക്ക് മഹോത്സവം 3 അമ്പലംപ്പൂട്ടി ഭംഗിയായി നടത്തിയ ദേശവിളക്ക് കമ്മറ്റിക്ക് എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിക്കട്ടെ. 2024 ജനുവരി പുണർതം നാളിൽ പ്രതിഷ്ഠാദിനം സമുചിതമായി ആഘോഷിച്ചു.

**മാതൃസംഘം**

തികച്ചും മാതൃകാപരമായി തന്നെയാണ് ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ പ്രവർത്തനമെന്ന് പറയുന്നതിൽ ഏറെ സന്തോഷമുണ്ട്. ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ലനിലയിൽ സഹകരിച്ച് പ്രവർത്തിച്ചുവരുന്ന മാതൃസംഘത്തിന്റെ എല്ലാ സഹോദരിമാരോടും സമാജം കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തട്ടെ. വിശേഷാൽ ദിവസങ്ങളിൽ മാതൃസംഘം പ്രവർത്തകരുടെ നിറസാന്നിദ്ധ്യം ക്ഷേത്രത്തിന് ഏറെ ഗുണകരമായി

അനുഭവപ്പെടുന്നുണ്ട്. കാവടി പൂര മഹോത്സവത്തിന് മാതൃസംഘത്തിന്റെ പ്രവർത്തനത്തെ മുക്ത കണ്ഠം പ്രശംസിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്.മാതൃസംഘത്തിന് പുതിയ ഭരണസമിതി നില വിൽ വരികയുണ്ടായി. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്ന മാതൃസംഘത്തിന്റെ നല്ല പ്രവർത്തനങ്ങൾക്ക് സമാജത്തിന്റെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

**ഗുരുമന്ദിരം**

ശ്രീ പോളശ്ശേരി സുധാകരൻ അവർകൾ സമാജത്തിന് സമർപ്പിച്ച ഗുരുന്ദിരത്തിൽ എല്ലാ മാസ ത്തിലെയും ചതയദിനത്തിൽ പ്രത്യേകപൂജയും സർവ്വൈശ്വര്യപൂജയും, സമൂഹപ്രാർത്ഥനയും, ഗുരു ദേവ പ്രഭാഷണവും അതിനുശേഷം പ്രസാദഊട്ടും, നടത്തിവരുന്നു ചതയദിന ഗുരുപൂജയും പ്രസാ ദഊട്ടും വഴിപാടായി നടത്തുവാൻ സമാജം അംഗങ്ങൾ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു. 2023 ജനുവരി 3-ാം തിയ്യതി ഗുരുമണ്ഡപത്തിൽ വെച്ച് ബോധാനന്ദ സ്വാമികളുടെ ജന്മദിനാഘോഷം എസ്.എൻ.ബി.എസ്. സമാജത്തിന്റെയും ശ്രീ വിശ്വനാഥപുരം ക്ഷേത്രം ഗുരുധർമ്മപ്രചാരണ സഭ ജില്ലാകമ്മിറ്റി, ശ്രീ ബോധാനന്ദ സ്വാമി ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥന, പ്രഭാഷണം, സമൂഹപ്രാർത്ഥന, അന്നദാനം എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

**നടപ്പന്തൽ**

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്ര സംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരു ന്നുണ്ട്.

**ശ്രീനാരായണഹാളും, ഡൈനിംഗ് ഹാൾ**

എസ്.എൻ.ബി.എസ്. സമാജത്തിന്റെ പ്രൗഢിക്ക് അനുസൃതമായി സമാജം അംഗങ്ങളുടെ അനു ഗ്രഹമെന്നോണം ശ്രീനാരായണഹാൾ & ഡൈനിംഗ് ഹാൾ വളരെ മനോഹരമായി മോടി പിടിപ്പിക്കു വാനും റൂഫ് മാറ്റി പുനഃസ്ഥാപിക്കുവാനും അടിയിൽ ടൈൽ ഇട്ട് മനോഹരമാക്കുന്നതിനും സീലിംഗ് നന്നാക്കുകയും ചെയ്തിട്ടുള്ള വിവരം സന്തോഷപൂർവ്വം മാന്യ മെമ്പർമാരെ അറിയിച്ചുകൊള്ളുന്നു. കൂടാതെ നല്ലൊരു വാഷിംഗ് ഏരിയയും സമാജത്തിന്റെ യശസ്സുയർത്തുന്ന രീതിയിൽ ആകർഷക മായ രീതിയിൽ നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ സമാജത്തിന്റെ വരുമാനം വർദ്ധി ക്കുമെന്ന പ്രതീക്ഷയും ഉണ്ട്. സമാജത്തിന്റെ കുറികൾ എല്ലാം വട്ടമെത്തിയ സാഹചര്യത്തിൽ മിനിഹാളിന്റെ വടക്ക് ഭാഗത്തുള്ള ഒഴിഞ്ഞ രണ്ട് നില കെട്ടിടം കുറച്ച് കാലങ്ങളായി ഉപയോഗമി ല്ലാതെ കിടക്കുകയായിരുന്നു. ടി. സ്ഥലം മുകൾ ഭാഗത്ത് ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള വിദ്യാ ഭ്യാസ സ്ഥാപനത്തിനായി കൊടുത്തിട്ടുള്ളതും, അതുപോലെതന്നെ താഴത്തെ നില സുരു ബേക്ക റിക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ളതുമാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കുറി കൾ ഇല്ലാത്ത സാഹചര്യത്തിൽ സമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇത് സഹായകരമായിരിക്കും. മിനി ശ്രീനാരായണ ഹാളും, കാലാനുസൃതമായി മോടി പിടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് കമ്മറ്റി രൂപം നൽകിയിട്ടുണ്ട്.

**SNBS സമാജം LPസ്കൂൾ**

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ.ബി.എസ്. സമാജം എൽ.പി.സ്കൂൾ നല്ല രീതിയിൽ നടന്നുവരുന്നു. സമീപ സ്ഥലങ്ങളിലെ പല സ്കൂളുകളും ഡിവിഷനുകൾ നഷ്ട പ്പെടുമ്പോൾ പ്രവർത്തനമികവിന്റെ ഫലമായി ഡിവിഷനുകൾ നഷ്ടപ്പെടാതെ ഉയർന്ന് നിലക്കു വാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സമാജത്തിന് വൻതുക സാമ്പ ത്തിക ചിലവുകൾ വരുന്നുണ്ട്. തിരഞ്ഞെടുപ്പിന് ശേഷം പുതിയ കമ്മറ്റി ചാർജ്ജെടുത്ത് 23/7/ 2022 ചേർന്ന കമ്മിറ്റിയിൽ വെച്ച് സമാജം കമ്മറ്റി അംഗം ശ്രീ.സി.വി.രാമാനന്ദൻ അവർകളെ സ്കൂളിന്റെ മാനേജരായി ഐക്യകണ്ഠേന തെരഞ്ഞെടുത്തിരുന്നു. അംഗീകാരം ലഭിക്കുകയു ണ്ടായി. നവതി ആഘോഷിക്കുന്ന എസ്.എൻ.ബി.എസ്. സമാജം എൽ.പി.സ്കൂളിന് പുതിയ ക്ലാസ്സ്

മുറികൾ പണിയുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭിച്ചതിനെ തുടർന്ന് ഒന്നാം നിലയുടെ പണികൾ പൂർത്തീകരിക്കാൻ സാധിച്ചു.

**എസ്.എൻ.വൈ.എസ്. ലൈബ്രറി**

ജില്ലയിലെ തന്നെ ഏറ്റവും നല്ല ലൈബ്രറികളിൽ ഒന്നായിരുന്ന എസ്.എൻ.വൈ.എസിന്റെ കീഴിലുള്ളലൈബ്രറി കോവിഡ് മുഖാന്തിരം നഷ്ടപ്പെട്ട പ്രഭാവം പുതിയ ഭരണസമിതിയുടെ പ്രവർത്തനമികവ് കൊണ്ട് പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു. ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായ സഹകരണങ്ങളും സമാജം കമ്മിറ്റി നല്കി വരുന്നുണ്ട്. ചിത്രരചനമത്സരങ്ങളും, പൂക്കളമത്സരങ്ങളും, അഖില കേരള പ്രൊഫഷണൽ നാടകമത്സരം എന്നിവ ഗംഭീരമാക്കുവാൻ എസ്.എൻ.വൈ.എസ്.ന്റെ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട്.

**ശ്രീനാരായണഗുരുജയന്തി**

169-ാമത് ശ്രീനാരായണഗുരുജയന്തി 2023 സെപ്തംബർ 10-ാം തിയ്യതി ശനിയാഴ്ച ഭക്തിപൂർവ്വം ഗംഭീരമായി ആഘോഷിക്കുകയുണ്ടായി. ഇത്തവണ എസ്.എൻ.ഡി.പി. മുകുന്ദപുരം യൂണിയൻ, എസ്.എൻ.ബി.എസ്.സമാജം, എസ്.എൻ.വൈ.എസ്., മുകുന്ദപുരം എസ്.എൻ.ഡി.പി.യൂണിയനിലെ ശാഖായോഗങ്ങൾ, ഇരിങ്ങാലക്കുടയിലെ ഇതര ശ്രീനാരായണപ്രസ്ഥാനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ശ്രീനാരായണഗുരു ജയന്തി ആഘോഷിച്ചത്. കൃത്യം 4 മണിക്ക് ശ്രീ കൂടൽമാണിക്യം ക്ഷേത്രപരിസരത്ത് നിന്നും ഘോഷയാത്ര സുപ്രസിദ്ധ സിനിമാതാരം ശ്രീ.സുരേഷ്ഗോപി ഫ്ളാഗ് ഓഫ് ചെയ്ത് താളമേള വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച് 5 മണിയോടെ ശ്രീ വിശ്വനാഥപുരം ക്ഷേത്രാങ്കണത്തിൽ എത്തിച്ചേർന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം ബഹു.ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു. എസ്.എൻ.ബി.എസ്.സമാജം നടത്തിയ സാഹിത്യ മത്സരത്തിലെ വിജയികൾക്കും എസ്.എൻ.വൈ.എസ്. നടത്തിയ ചിത്രരചനമത്സര പൂക്കളമത്സരം എന്നീ മത്സരങ്ങളിലെ വിജയികൾക്കുമുള്ള സമ്മാനങ്ങളും ക്യാഷ് അവാർഡും വിതരണം ചെയ്യുകയുണ്ടായി.

**ശ്രീനാരായണഗുരു സമാധി ദിനാചരണം**

ശ്രീനാരായണഗുരു സമാധി ദിനാചരണം ക്ഷേത്ര മേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും, അന്നദാനവും നടത്തി.

**കാവടിപൂര മഹോത്സവം**

പ്രാദേശിക കാവടി പൂരമഹോത്സവകമ്മറ്റികളുടെയും മറ്റു സഹൃദയരുടെയും മാസങ്ങളോളം നിന്ന കഠിനപ്രയത്നത്തിന്റെ ഫലമായി വിശ്വനാഥപുരം ക്ഷേത്രത്തിലെ കാവടി പൂരമഹോത്സവം കേരളത്തിലെ മഹത്തായ ഒരു ഉത്സവമെന്ന പ്രശസ്തി നേടി കഴിഞ്ഞു. റിപ്പോർട്ട് വർഷത്തെ കാവടി പൂരമഹോത്സവം 2024 ജനുവരി 24 മുതൽ 31 വരെ ആണ് ആഘോഷിച്ചത്. 2024 ജനുവരി 24ന് കൊടികയറി 29ന് കാവടി മഹോത്സവവും 30ന് പൂരമഹോത്സവവും 31ന് ആറോട്ടുകൂടി അവസാനിച്ചു. 30-ാം തിയ്യതി നടന്ന പൂരമഹോത്സവത്തിന് 5 ഗജവീരന്മാർ അണിനിരുന്നു. പാണ്ടിമേളത്തിന് തൃശ്ശൂർ പൂരം തിരുവമ്പാടി മേളപ്രമാണി ചേരനെല്ലൂർ ശങ്കരൻകുട്ടിമാരാരുടെ പ്രമാണത്തിൽ നടന്നു. കാവടിപൂരമഹോത്സവത്തിന് ചരിത്രത്തിലാദ്യമായി രണ്ടായിരത്തിഅഞ്ഞൂറോളം പേർക്ക് അന്നദാനം നടത്തുകയുണ്ടായി. കൂടാതെ ബാലെയും ഉണ്ടായിരുന്നു. ഇത്തവണ നാടകമത്സരം ജനുവരി 24ന് ഉദ്ഘാടനം ചെയ്തു. 29-ാം തിയ്യതി കാവടി മഹോത്സവത്തോടുകൂടി അവസാനിച്ചു. പ്രാദേശിക ആഘോഷകമ്മിറ്റി വിഭാഗങ്ങളുടെ സഹകരണത്തോടെ കാവടി മഹോത്സവം വളരെ നല്ല രീതിയിൽ നടത്തുവാൻ കഴിഞ്ഞു.

ഇപ്രാവശ്യം കാവടി പൂരമഹോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് പുല്ലൂർ വിഭാഗമാണ്. രണ്ടും മൂന്നും സ്ഥാനങ്ങളിൽ കോമ്പാറ-ടൗൺ വിഭാഗങ്ങളും സമ്മാനം നേടുകയുണ്ടായി. ഏറ്റവും മികച്ച പൂക്കാവടിയ്ക്ക് കോമ്പാറ വിഭാഗത്തിനാണ് സമ്മാനം ലഭിച്ചത്. കാവടി പൂര മഹോത്സവം ഭംഗിയായി നടത്തുവാൻ സഹകരിച്ച പ്രാദേശികക്കാവടി ആഘോഷ വിഭാഗക്കാരോടും എസ്.എൻ.വൈ.എസ്. പ്രവർത്തകരോടും സമാജം സ്റ്റാഫ്, പോലീസ് ഉദ്യോഗസ്ഥർ, സമാജം സ്നേഹികളായ മറ്റു എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**ക്ഷേത്ര നവീകരണം**

ക്ഷേത്രത്തിന്റെ അകത്തെ പരുപരുത്ത കല്ലുകൾ മാറ്റി നല്ല വീതിയുള്ള കരിങ്കൽ പാളികൾ പാകി കൂടുതൽ സൗകര്യ പ്രദമാക്കി. ക്ഷേത്രത്തിന്റെ ഉള്ളമ്പലത്തിന്റെ കണക്കുകൾ കൃത്യമാക്കി ക്ഷേത്രത്തിന് ചുറ്റും ആകർഷകമായ കൊത്തുപണികൾ ചെയ്തു, ക്ഷേത്രത്തിലെ വെള്ളം വടക്കോട്ട് തിരിച്ച് വിടുകയുണ്ടായി. ക്ഷേത്ര ത്തിന്റെ സോപാനവും, പുറത്തെ കട്ടിളയും മനോഹരമായി പിച്ചള പൊതിഞ്ഞ് മാതൃസംഘം സമർപ്പണം ചെയ്യു കയുണ്ടായി.അതുപോലെതന്നെ അകത്തെ കട്ടിള ശ്രീമാൻ.രാജൻ മഠത്തിക്കര അവർകൾ ആകർഷകമായി പിച്ചളപൊതിഞ്ഞ് സമർപ്പിക്കുകയുണ്ടായി. ഇനിയും ക്ഷേത്രത്തിന്റെ പുറത്തെ നടപാത, ഡ്രൈനേജ്, പ്രദക്ഷിണ വഴി ആവശ്യമായ സ്ഥലത്ത് ടൈൽ വിരിക്കൽ തുടങ്ങിയ പണികൾ ബാക്കിയുണ്ട്. അതിന് ഉള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നവീകരണകമ്മിറ്റിക്ക് ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**ചാരിറ്റി**

സമാജത്തിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നമ്മുടെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠിക്കുന്നതിന് പുസ്തകങ്ങൾ യൂണിഫോം കൂടാതെ പാവപ്പെട്ട കുട്ടികൾക്ക് വാഹനസൗകര്യം എന്നിവ നടത്തിവരുന്നു.

**സമാജം കമ്മിറ്റിമെമ്പറുടെ മരണം**

എസ്.എൻ.ബി.എസ്. സമാജത്തിന്റെ ഭരണസമിതി അംഗമായ ശ്രീ ബിജോയ് മുക്കുളം ഈ സാമ്പത്തിക വർഷത്തിൽ റോഡപകടത്തിൽ നിര്യാതനാവുകയുണ്ടായി. അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണത്തിൽ സമാ ജത്തിന്റെ അതീവ ദുഃഖം രേഖപ്പെടുത്തുന്നു. ബിജോയ് മുക്കുളത്തിന് പകരം ശ്രീ.അനീഷ് മുക്കുളം അവർകളെ നോമിനേറ്റ് ചെയ്തിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

**ശ്മശാനം**

ശ്മശാനം നല്ല രീതിയിൽ എല്ലാവർക്കും ഉപകാരപ്രദമാകുംവിധം നടന്നു വരുന്നു. ചേമ്പറിന്റെ പുനർനിർമ്മാണവും ചെയ്യുകയുണ്ടായി. നമ്മുടെ സാമ്പത്തിക ഭദ്രതക്കും കോട്ടം വരാതെ തന്നെ എല്ലാ കാര്യങ്ങളും ഈ സാമ്പത്തിക വർഷം നടത്തുവാൻ സാധിച്ചു. ചുറ്റുമതിൽ ഇടിഞ്ഞു കിടക്കുന്നത് നന്നാ ക്കുവാൻ വേണ്ട കാര്യങ്ങൾക്കായി ഇരിങ്ങാലക്കുട നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിക്കുകയും അധികാരിക ളുമായി ചർച്ചകൾ നടത്തിയതിന്റെയും അടിസ്ഥാനത്തിൽ വേണ്ട നടപടികൾ ചെയ്യാമെന്ന് ഉറപ്പു തന്നിട്ടുണ്ട്.

**മറ്റ് കാര്യങ്ങൾ**

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും യഥാസമയങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും കണക്കുകൾ കൃത്യസമയത്ത് ഓഡിറ്റ് ചെയ്ത് തന്ന ഓഡിറ്റേഴ്സി നോടും എസ്.എൻ.വൈ.എസ്., പ്രാദേശിക ഉത്സവാഘോഷകമ്മിറ്റി ഭാരവാഹികൾ ക്ഷേത്രം ശാന്തിമാർ, പത്ര -ദൃശ്യ മാധ്യമ പ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ പ്രവർത്തനറിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

ഇരിങ്ങാലക്കുട
07-06-2024

(ഒപ്പ്)
**വേണു തോട്ടുങ്ങൽ**
(സെക്രട്ടറി)

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 2023–24 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| ഹാൾ ചിലവ് | 218867 | 00 | ഹാളിൽ നിന്നും വരവ് | 1838000 | 00 |
| പൂജ | 806602 | 00 | പൂജ | 899942 | 00 |
| ഷഷ്ഠി | 1481323 | 00 | ഷഷ്ഠി | 953411 | 00 |
| ജയന്തി & സമാധി | 187649 | 00 | ഭണ്ഡാരം വരവ് | 335811 | 00 |
| പറമ്പു സംരക്ഷണം | 29925 | 00 | സംഭാവന | 96350 | 00 |
| കേസ് | 26200 | 00 | വിവാഹസംഭാവന | 14602 | 00 |
| ചാരിറ്റി | 145624 | 00 | പറപമ്പാദായം | 590126 | 00 |
| വിദ്യാഭ്യാസ ചിലവുകൾ | 19475 | 00 | വാടക | 165000 | 00 |
| പ്രൊവിഡണ്ട് ഫണ്ട് | 8456 | 00 | മെമ്പർഷിപ്പ് ഫീ | 15750 | 00 |
| നികുതി | 12856 | 00 | പലിശ | 1918 | 00 |
| പൊതുയോഗം | 54844 | 00 | നടവരവ് | 583256 | 00 |
| ഇൻഷൂറൻസ് | 22128 | 00 | | | |
| ലൈബ്രറി | 46001 | 00 | | | |
| പലവക | 18050 | 00 | | | |
| ലൈസൻസ് ഫീ & ടാക്സ് | 2500 | 00 | | | |
| റിപ്പയേഴ്സ് & മെയിന്റനൻസ് | 433435 | 50 | | | |
| ശമ്പളം & അലവൻസ് | 187490 | 00 | | | |
| സ്പോർട്സ് | 22491 | 00 | | | |
| സ്റ്റേഷനറി & പ്രിന്റിംഗ് | 12830 | 00 | | | |
| സ്വീപ്പിംഗ് | 48800 | 00 | | | |
| യാത്രചെലവ് | 1380 | 00 | | | |
| ബാങ്ക് ചാർജ്ജ് | 2 | 28 | | | |
| തേയ്മാനം | 787925 | 46 | | | |
| അധിക വരവ് | 919311 | 76 | | | |
| | **5494166** | **00** | | **5494166** | **00** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 2023–2024 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 9265237 | 86 | വസ്തുവഹകൾ, ബിൽഡിംഗ് മുതലായവ | 9501687 | 47 |
| കുറി അക്കൗണ്ട് | 611014 | 63 | ഡെപ്പോസിറ്റ് ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് | 210294 | 00 |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 250000 | 00 | SNBS സമാജം LP സ്കൂൾ | 10025263 | 00 |
| ബിൽഡിംഗ് ഫണ്ട് | 5000000 | 00 | ബാങ്ക് ബാലൻസ് | 112626 | 83 |
| വിവാഹവാർഷിക ദമ്പതിപൂജ | 175390 | 00 | ഗുരുദേവ കൗൺസിലിംഗ് സെന്റർ | 50790 | 00 |
| ജന്മ നക്ഷത്ര പൂജാഫണ്ട് | 2002 | 00 | കയ്യിരിപ്പ് | 14769 | 19 |
| ശ്മശാന നവീകരണ കമ്മറ്റി | 4314290 | 00 | | | |
| വാടക അഡ്വാൻസ് | 295000 | 00 | | | |
| പ്രൊവിഡന്റ് ഫണ്ട് | 2496 | 00 | | | |
| **ആകെ** | **19915430** | **49** | **ആകെ** | **19915430** | **49** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2023 – 2024 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പലിശ | 60392 | 00 | പലിശ | 311731 | 34 |
| ശമ്പളം, അലവൻസ് | 248760 | 00 | കമ്മീഷൻ | 144000 | 00 |
| വാടക | 60000 | 00 | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 411657 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 6888 | 00 | സമാജം ചേർന്ന് നടത്തിയ കുറികളിൽ | | |
| കറന്റ് ചാർജ്ജ് | 21224 | 00 | നിന്നുള്ള ആദായം | 155730 | 00 |
| ടെലഫോൺ ചാർജ്ജ് | 8355 | 00 | | | |
| ബാങ്ക് ചാർജ്ജ് | 1044 | 30 | | | |
| പ്രൊഫഷണൽ ടാക്സ് | 3700 | 00 | | | |
| യാത്രാചിലവ് | 43225 | 00 | | | |
| പോസ്റ്റേജ് | 200 | 00 | | | |
| കുറി, കമ്മറ്റി ചിലവ് | 9915 | 00 | | | |
| സ്വീപ്പിംഗ് ചാർജ്ജ് | 114000 | 00 | | | |
| സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർഫണ്ട് | 250373 | 00 | | | |
| ബോണസ്സ് | 24100 | 00 | | | |
| പ്രൊഫഷണൽ ചാർജ്ജ് | 21755 | 00 | | | |
| ലൈബ്രറി | 4233 | 00 | | | |
| ഓഡിറ്റ് ഫീസ് | 35000 | 00 | | | |
| പ്രൊവിഡണ്ട് ഫണ്ട് | 13198 | 00 | | | |
| റിപ്പയേഴ്സ് | 16992 | 00 | | | |
| പലവക | 1995 | 00 | | | |
| തേയ്മാനം | 20428 | 77 | | | |
| അധിക വരവ് | 57340 | 27 | | | |
| **ആകെ** | **1023118** | **34** | | **1023118** | **34** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
# കുറി 2023–2024 ലെ മുതൽ കടംസ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1863209 | 79 | ഫർണീച്ചർ, വാൻ, ജനറേറ്റർ മുതലായവ | 132261 | 73 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 611014 | 63 |
| വിദ്യാഭ്യാസ ഫണ്ട് | 26850 | 00 | റെന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (പി.എ.മാണിക്ക്യൻ) | 23672 | 00 | എൻഡോവ്മെന്റ് | 28673 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 8018 | 00 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| ഡെയ്‌ലി കളക്ഷൻ | 182851 | 09 | ഇൻകം ടാക്സ് പിടിച്ചത് | 888849 | 53 |
| കുറി അക്കൗണ്ട് | 1510627 | 39 | ബാങ്ക് ഡെപ്പോസിറ്റ് | 873426 | 00 |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ് | 35640 | 00 | ബാങ്ക് ബാലൻസ് | 1131071 | 13 |
| | | | കയ്യിരിപ്പ് | 11908 | 87 |
| **ആകെ** | **3698104** | **89** | **ആകെ** | **3698104** | **89** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
# കുറി ബഡ്ജറ്റ് 2024–2025 വരവ്

| | ഇനവിവരം | 2023-24ലേക്ക് പ്രതീക്ഷിച്ചത് | | 2023-24ലെ അസ്സൽവരവ് | | 2024-25ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | പലിശ | 300000 | 00 | 311731 | 34 | 140000 | 00 |
| 2. | കമ്മീഷൻ | 144000 | 00 | 144000 | 00 | | |
| 3. | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 1000000 | 00 | 411657 | 00 | | |
| 4. | സമാജം ചേർന്ന് നടത്തിയ കുറികളിൽ നിന്നുള്ള ആദായം | 200000 | 00 | 155730 | 00 | | |
| | | 1644000 | 00 | 1023118 | 34 | 140000 | 00 |

## ചിലവ്

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | വാടക | 60000 | 00 | 60000 | 00 | 60000 | 00 |
| 2. | കറന്റ് ചാർജ്ജ് | 20000 | 00 | 21224 | 00 | 25000 | 00 |
| 3. | ടെലഫോൺ ചാർജ്ജ് | 20000 | 00 | 8355 | 00 | 10000 | 00 |
| 4. | ബാങ്ക് ചാർജ്ജ് | 10000 | 00 | 1044 | 30 | 5000 | 00 |
| 5. | പ്രൊഫഷണൽ ടാക്സ് | 10000 | 00 | 3700 | 00 | 5000 | 00 |
| 6. | യാത്രാചെലവ് | 50000 | 00 | 43225 | 00 | 3000 | 00 |
| 7. | പോസ്റ്റേജ് | 2000 | 00 | 200 | 90 | 2000 | 00 |
| 8. | പലിശ | 300000 | 00 | 60392 | 00 | | |
| 9. | ശമ്പളം അലവൻസ് | 600000 | 00 | 248760 | 00 | | |
| 10. | പ്രിന്റിംഗ് & സ്റ്റേഷനറി | 20000 | 00 | 6888 | 00 | | |
| 11. | പലവക | 5000 | 00 | 1995 | 00 | | |
| 12. | കുറി കമ്മറ്റി ചെലവ് | 20000 | 00 | 9915 | 00 | | |
| 13 | .സ്വീപ്പിംഗ് | 200000 | .... | 114000 | 00 | | |
| 14. | ലിറ്റിഗേഷൻ ചാർജ്ജ് | 10000 | 00 | | | 4000 | 00 |
| 15. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർഫണ്ട് | 50000 | 00 | 250373 | 00 | | |
| 16. | ബോണസ് | 30000 | 00 | 24100 | 00 | | |
| 17. | പ്രൊഫഷണൽ ചാർജ്ജ് | 30000 | 00 | 21755 | 00 | | |
| 18. | സംഭാവന | 10000 | 00 | | | | |
| 19. | റിപ്പയേഴ്സ് | 35000 | 00 | 16992 | 00 | | |
| 20 | ലൈബ്രറി | 10000 | 00 | 4233 | 00 | | |
| 21. | ഓഡിറ്റ് ഫീ | 50000 | 00 | 35000 | 00 | | |
| 22 | പ്രൊവിഡന്റ് ഫണ്ട് | 30000 | 00 | 13198 | 00 | | |
| 23. | തേയ്മാനം | 35000 | 00 | 20428 | 77 | 25000 | 00 |
| 24. | അധിക ചെലവ്/ നീക്കിയിരിപ്പ് | 217000 | 00 | 57340 | 27 | 1000 | 00 |
| | | | 00 | | | | |
| | | | 00 | | | | |
| | ആകെ | 1644000 | 00 | 1023118 | 34 | 140000 | 00 |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം ബഡ്ജറ്റ് 2024-25 വരവ്

| | ഇനവിവരം | 2023-24ലേക്ക് പ്രതീക്ഷിച്ചത് | | 2023-24ലെ അസ്സൽവരവ് | | 2024-25ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 1800000 | 00 | 1838000 | 00 | 2000000 | 00 |
| 2. | നടവരവ് | 600000 | 00 | 583256 | 00 | 600000 | 00 |
| 3. | ഭണ്ഡാരം വരവ് | 350000 | 00 | 335811 | 00 | 350000 | 00 |
| 4. | സംഭാവന | 300000 | 00 | 96350 | 00 | 300000 | 00 |
| 5. | വിവാഹസംഭാവന | 50000 | 00 | 14602 | 00 | 50000 | 00 |
| 6. | പറമ്പാദായം | 500000 | 00 | 590126 | 00 | 500000 | 00 |
| 7. | വാടക | 120000 | 00 | 165000 | 00 | 600000 | 00 |
| 8. | പലിശ | 10000 | 00 | 1918 | 00 | 10000 | 00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 1500 | 00 | 15750 | 00 | 15750 | 00 |
| 10. | ഷഷ്ഠി | 600000 | 00 | 953411 | 00 | 1000000 | 00 |
| 11 | പൂജ | 700000 | 00 | 899942 | 00 | 950000 | 00 |
| | **ആകെ** | **5031500** | **00** | **5494166** | **00** | **6375750** | **00** |

## ചിലവ്

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | ഷഷ്ഠി | 1500000 | 00 | 1481323 | 00 | 1600000 | 00 |
| 2. | പൂജ | 700000 | 00 | 806602 | 00 | 900000 | 00 |
| 3. | ജയന്തി & സമാധി | 250000 | 00 | 187649 | 00 | 250000 | 00 |
| 4. | പറമ്പു സംരക്ഷണം | 50000 | 00 | 29925 | 00 | 50000 | 00 |
| 5. | റിപ്പയറിംഗ്, മെയിന്റനൻസ് | 1000000 | 00 | 433435 | 50 | 750000 | 00 |
| 6. | പ്രിന്റിംഗ് & സ്റ്റേഷനറി | 10000 | 00 | 12830 | 00 | 25000 | 00 |
| 7. | നികുതി | 20000 | 00 | 12856 | 00 | 20000 | 00 |
| 8. | സ്വീകരണം | 10000 | 00 | | | 10000 | 00 |
| 9. | പൊതുയോഗം | 100000 | 00 | 54844 | 00 | 100000 | 00 |
| 10. | തെരഞ്ഞെടുപ്പ് | | | | | 250000 | .... |
| 11. | പലവക | 20000 | 00 | 18050 | 00 | 25000 | 00 |
| 12. | ചാരിറ്റി | 250000 | 00 | 145624 | 00 | 250000 | 00 |
| 13. | ലൈബ്രറി | 50000 | 00 | 46001 | 00 | 60000 | 00 |
| 14. | സ്പോർട്സ് | 20000 | 00 | 22491 | 00 | 25000 | 00 |
| 15. | ഇൻഷൂറൻസ് | 25000 | 00 | 22128 | 00 | 25000 | 00 |
| 16. | വിദ്യാഭ്യാസ ചെലവുകൾ | 10000 | 00 | 19475 | 00 | 25000 | 00 |
| 17. | ലൈസൻസ് ഫീ & ടാക്സ് | 15000 | 00 | 2500 | 00 | 15000 | 00 |
| 18. | ശമ്പളം & അലവൻസ് | | | | | 500000 | 00 |
| 19. | സ്വീപ്പിംഗ് | | | | | 250000 | 00 |
| 20. | ഹാൾ ചെലവ് | | | 218867 | 00 | 250000 | 00 |
| 21 | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർഫണ്ട് | | | | | 50000 | 00 |
| 22. | ബോണസ് | | | | | 30000 | 00 |
| 23. | പ്രൊഫഷണൽ ചാർജ്ജ് | | | | | 25000 | 00 |
| 24. | ഓഡിറ്റ് ഫീ | | | | | 35000 | 00 |
| 25. | പ്രൊവിഡന്റ് ഫണ്ട് | | | | | 30000 | 00 |
| 26. | തേയ്മാനം | 800000 | 00 | 787925 | 46 | 800000 | 00 |
| 27. | അധിക ചെലവ് / നീക്കിയിരിപ്പ് | 201500 | 00 | 1191640 | 04 | 25750 | 00 |
| | **ആകെ** | **5031500** | **00** | **5494166** | **00** | **6375750** | **00** |

## എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട

# കുറി അക്കൗണ്ട് സപ്ലിമെന്ററി ബഡ്ജറ്റ് 2023 – 2024

| | ഇനവിവരം | 2023-24 ലേക്ക് പ്രതീക്ഷിച്ചത് | | 2023-24ലെ അസ്സൽചെലവ് | | 2023-24ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | കറന്റ് ചാർജ്ജ് | 20000 | 00 | 21224 | 00 | 1224 | 00 |
| 2. | സ്റ്റാഫ് & സബ്സ്ക്രേബേഴ്സ് വെൽഫെയർ ഫണ്ട് | 50000 | 00 | 250373 | 00 | 200373 | 00 |
| | | 70000 | 00 | 271597 | 00 | 201597 | 00 |

# ക്ഷേത്രഭരണം സപ്ലിമെന്ററി ബഡ്ജറ്റ് 2023 – 2024

| | ഇനവിവരം | 2023-24 ലേക്ക് പ്രതീക്ഷിച്ചത് | | 2023-24ലെ അസ്സൽചെലവ് | | 2023-24ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | പൂജ | 700000 | 00 | 806602 | 00 | 106602 | 00 |
| 2. | പ്രിന്റിംഗ് & സ്റ്റേഷനറി | 10000 | 00 | 12830 | 00 | 2830 | 00 |
| 3. | സ്പോർട്സ് | 20000 | 00 | 22491 | 00 | 2491 | 00 |
| 4. | വിദ്യാഭ്യാസ ചെലവുകൾ | 10000 | 00 | 19475 | 00 | 9475 | 00 |
| | | 740000 | 00 | 861398 | 00 | 121398 | 00 |